KERALA STATE BEVERAGES
(MANUFACTURING AND MARKETING) CORPORATION LTD.
(A GOVERNMENT OF KERALA UNDERTAKING)
Bevco Tower, Vikas Bhavan P. O., Palayam, Thiruvananthapuram-695 033
Phone : 2724970, 2724913 Gram : 'Beverages', Fax : 2727604 E-mail : ksbcedp@gmail.com

No.13530/P2/PMT/G.F/2022-23/KSBC Date: 14/06/2022

## <u>സർക്കുലർ</u>

വിഷയം: ഫോറിൻ ലിക്വർ റൂൾ **1953, റൂൾ 12A (i-iii)** ഭേദഗതി വരുത്തിയത് സംബന്ധിച്ച്.

സൂചന: 18/05/2022 തീയതിയിലെ ജി.ഒ.(പി)നം.54/2022/റ്റി.ഡി പ്രകാരം 28/05/2022ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ.530/2022 നോട്ടിഫിക്കേഷൻ

പെർമിറ്റ് റീവാലിഡേഷൻ സംബന്ധിച്ച ചട്ടങ്ങളും വ്യവസ്ഥകളും ഫോറിൻ ലിക്വർ റൂൾ 1953, റൂൾ **12A (i-iii)** ഭാഗങ്ങളിലാണ് പ്രസ്താവിച്ചിരിക്കുന്നത്. പ്രസ്തുത റൂൾ പ്രകാരം പെർമിറ്റ് റീവാലിഡേഷൻ സംബന്ധിച്ച അപേക്ഷകൾ പെർമിറ്റ് അതോറിറ്റി മുഖേന എക്സൈസ് കമ്മീഷ്ണർക്ക് പെർമിറ്റ് കാലാവധി അവസാനിക്കുന്ന ദിവസം മുതൽ ഒരു മാസത്തിനകം നിശ്ചിതഫീസ് അടച്ച ചെല്ലാൻ സഹിതം അപേക്ഷ സമർപ്പിക്കണമായിരുന്നു. എന്നാൽ 28/05/2022 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് പ്രസ്തുത റൂൾ ചില ഭേദഗതികളോടെ പരിഷ്കരിക്കുകയും ആയതുപ്രകാരം പെർമിറ്റ് റീവാലിഡേഷൻ അപേക്ഷകൾ നിശ്ചിത ഫീസ് ഒടുക്കി 30 ദിവസത്തിനുള്ളിൽ പെർമിറ്റ് നൽകുന്ന അധികാരിക്ക് സമർപ്പിച്ചാൽ മതിയാകും. 11/02/2022 തീയതിയിലെ സർക്കുലർ നമ്പർ.പി2/പിഎംറ്റി/സർ.2021-22/കെ.എസ്.ബി.സി യിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളും നിർദ്ദേശങ്ങളും അനുസരിച്ചായിരിക്കണം കമ്പനികൾ റീവാലിഡേഷൻ അപേക്ഷകൾ ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടത്.

പെർമിറ്റ് റഗുലറൈസേഷൻ സംബന്ധിച്ച ചില വ്യവസ്ഥകൾ റൂൾ 12B സബ് റൂൾ പ്രകാരം ഉൾപ്പെടുത്തുകയുണ്ടായി. <u>**ആയതുപ്രകാരം റഗുലറൈസേഷൻ അപേക്ഷകൾ അതാത് ഡിവിഷൻ ഡെപ്യൂട്ടി എക്സൈസ് കമ്മിഷ്ണർക്ക് റഗുലറൈസേഷൻ ഫൈൻ, അധികമായി കൊണ്ടുവരുന്ന സ്റ്റോക്കുകളുടെ എക്സൈസ് ഡ്യൂട്ടി, ഇമ്പോർട്ട് ഫീ എന്നിവ സഹിതം സമർപ്പിക്കേണ്ടതാകുന്നു.**</u> നിലവിൽ പെർമിറ്റ് സെക്ഷനിൽ നിന്നും കെ.എസ്.ബി.സി ഡെപ്യൂട്ടി എക്സൈസ് കമ്മിഷ്ണർ മുഖേനയാണ് അധിക ഡ്യൂട്ടി (പെർമിറ്റിൽ അനുവദിച്ചിട്ടുള്ള അളവിൽ കൂടുതൽ വിതരണം ചെയ്യുന്നതോ തെറ്റായി സപ്ലൈ ചെയ്യുന്നതോ വഴി അടക്കേണ്ടുന്ന ഡ്യൂട്ടി എന്നിവ) അടച്ച ചെല്ലാൻ സഹിതം എക്സൈസ് കമ്മിഷ്ണർക്ക് റഗുലറൈസേഷൻ അപേക്ഷകൾ സമർപ്പിക്കേണ്ടിയിരുന്നതും കമ്മിഷ്ണറേറ്റിൽ നിന്നും റഗുലറൈസേഷൻ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കമ്പനികൾ അതാത് വെയർഹൗസിലെ സർക്കിൾ ഇൻസ്പെക്ടർ മുഖേന നിർദ്ദേശിക്കുന്ന ട്രഷറിയിൽ എക്സൈസ് ഫൈൻ ഒടുക്കി

ആയതുവഴി വില്പന മരവിച്ച മദ്യം വില്പനയ്ക്കായി വിട്ടുകൊടുക്കുകയും ചെയ്തു വന്നിരുന്നത്. എന്നാൽ ആയത് മുൻകൂറായി അടയ്ച്ച് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതമെന്നതിനാലും അതാത് ജില്ലാ ഡിവിഷൻ എക്സൈസ് കമ്മിഷണറുടെ പരിധിയിൽ വരുന്ന ട്രഷറികളിൽ ഇവ ഒടുക്കേണ്ടിവരുമെന്നതിനാലും പ്രസ്തുത വിഷയത്തിന്മേലുള്ള സങ്കീർണതയും കാലതാമസവും ഒഴിവാക്കുന്നതിനായി നിലവിൽ പിന്തുടരുന്ന നടപടിക്രമങ്ങളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്.

**നിർദ്ദേശിക്കപ്പെടുന്ന നടപടിക്രമങ്ങൾ**

1. പെർമിറ്റ് ലംഘനം മുഖേന വില്പന മരവിച്ച മദ്യത്തിന്റെ വിവരം ബന്ധപെട്ട രേഖകൾ സഹിതം അതാത് വെയർഹൗസ് മാനേജർമാർ പെർമിറ്റ് സെക്ഷനിൽ പതിവുപോലെ റിപ്പോർട്ട് ചെയ്യപ്പെടും.

2. പ്രസ്തുത വിവരം ബന്ധപ്പെട്ട കമ്പനികളെ അറിയിക്കുന്നു. അതോടൊപ്പം കെ.എസ്.ബി.സി റഗുലറൈസേഷൻ പെനാൽറ്റി, ഷോർട്ട് സപ്ലൈയിന്മേലുള്ള ഡ്യൂട്ടി എന്നിവ ഹെഡ് ഓഫീസിൽ അടയ്ക്കുന്നതിനും എക്സൈസ് ഫൈൻ, അധിക ഡ്യൂട്ടി എന്നിവ അതാത് ഡിവിഷൻ ഡെപ്യൂട്ടി എക്സൈസ് കമ്മിഷ്ണറുടെ പേരിൽ ഇ-ട്രഷറി വഴി ഒടുക്കുന്നതിനും ആയതിന്റെ ചെല്ലാൻ സഹിതം റഗുലറൈസേഷനുള്ള അപേക്ഷ ഹെഡ് ഓഫീസ് പെർമിറ്റ് സെക്ഷനിൽ സമർപ്പിക്കാൻ അറിയിപ്പ് നൽകുന്നു. തുക അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ടും ഡിവിഷൻ എക്സൈസ് കമ്മിഷണറുടെ വിശദാംശങ്ങളും അതോടൊപ്പം നൽകുന്നതാണ്.

3. കെ.എസ്.ബി.സി റഗുലറൈസേഷൻ പെനാൽറ്റി, ഷോർട്ട് സപ്ലൈയിന്മേലുള്ള ഡ്യൂട്ടി എന്നിവ ഹെഡ് ഓഫീസിൽ ഒടുക്കി എക്സൈസ് ഫൈൻ, അധിക ഡ്യൂട്ടി എന്നിവ അതാത് ഡിവിഷൻ ഡെപ്യൂട്ടി എക്സൈസ് കമ്മിഷ്ണറുടെ പേരിൽ ഇ-ട്രഷറി വഴി അടച്ച ചെല്ലാൻ സഹിതം റഗുലറൈസേഷനുള്ള അപേക്ഷ ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

4. റഗുലറൈസേഷൻ ഫയൽ സി.എം.ഡി യുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

5. എക്സൈസ് ഫൈൻ, അധികമായി കൊണ്ടുവന്ന മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി, ഇമ്പോർട്ട് ഫീ മുതലായവ ഒടുക്കിയ ചെല്ലാൻ സഹിതം ഹെഡ് ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർക്ക് കത്ത് നൽകുന്നു.

6. സ്റ്റോക്ക് റിലീസ് ചെയ്യുന്നതിനുള്ള ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കുകൾ വില്പന യ്ക്കായി വിട്ടുകൊടുക്കുന്നതിനുള്ള അറിയിപ്പ് അതാത് വെയർഹൗസ് മാനേജർക്ക് നൽകുന്നു.

7. വെയർഹൗസിലെ എക്സൈസ് അധികാരികൾ വില്പന മരവിച്ച മദ്യം വില്പനയ്ക്കായി വിട്ടുനൽകുന്നു.

**മാനേജർ(ഓപ്പറേഷൻസ്)**
**മാനേജിംഗ് ഡയറക്ടർക്ക് വേണ്ടി**

**To,**
**All suppliers.**